

ടി. ആരിഫലി

# 'യുവജനപ്രസ്ഥാനങ്ങൾ മറന്നു പോയ വഴി സോളിഡാരിറ്റി ഓർമപ്പെടുത്തി'

സോളിഡാരിറ്റി അഞ്ചുവർഷം പിന്നിടുന്ന വേളയിൽ അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പുതിയ ചുവടുവെപ്പുകളെക്കുറിച്ചും ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി *പ്രബോധന*ത്തോട് സംസാരിക്കുന്നു

*സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് രൂപവത്കരിച്ചതിലൂടെ രാഷ്ട്രീയത്തിൽ രംഗപ്രവേശം ചെയ്യാനുള്ള നീക്കമാണ് ജമാഅത്തെ ഇസ്‌ലാമി നടത്തുന്നതെന്ന് വായിച്ചെടുക്കാൻ ശ്രമിക്കുന്നവരുണ്ടല്ലോ? സോളിഡാരിറ്റി രൂപീകരിക്കുന്നതിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തൊക്കെയാണ്?*

രൂപീകരണം മുതൽ തന്നെ രാഷ്ട്രീയമടക്കമുള്ള മനുഷ്യന്റെ മുഴുപ്രശ്നങ്ങളിലും ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുള്ള പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. മൗദൂദി സാഹിബിന്റെ പുസ്തകങ്ങളും പ്രഭാഷണങ്ങളും ആ യാഥാർഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. സ്വാതന്ത്ര്യസമരം, വിഭജനം, ഭരണഘടനാ രൂപീകരണം തുടങ്ങിയ നിർണായക സന്ദർഭങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ ഏതൊരു രാഷ്ട്രീയ വിദ്യാർഥിക്കും പഠനവിധേയമാക്കാവുന്നതാണ്. പൗരന്മാരുടെ മൗലികാവകാശങ്ങളുടെ മേൽ ഭരണകൂടം കടന്നുകയറ്റം നടത്തിയ അടിയന്തരാവസ്ഥക്കെതിരെയാണ് ജമാഅത്തെ ഇസ്‌ലാമി വോട്ടു രാഷ്ട്രീയം ആദ്യമായി ഉപയോഗിച്ചത്. രാഷ്ട്രം ഫാഷിസ്റ്റുകളുടെ സംഘടിത ഭീഷണിക്ക് വിധേയമാവുകയും ന്യൂനപക്ഷങ്ങൾ കടുത്ത അരക്ഷിതാവസ്ഥ അനുഭവിക്കുകയും ചെയ്ത സന്ദർഭത്തിലും ജമാഅത്ത് വോട്ട് ആയുധമാക്കാൻ അണികളെയും ജനങ്ങളെയും ഉണർത്തിയിട്ടുണ്ട്. സാമ്രാജ്യത്വത്തിന്റെ കൈകടത്തലുകളാൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം ഭീഷണിക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന പുതിയ സാഹചര്യത്തിൽ ജമാഅത്ത് സാമ്രാജ്യത്വത്തിനെതിരായ സമീപനം തെരഞ്ഞെടുപ്പിൽ സ്വീകരിക്കുന്നു. വോട്ട് വെറുതെ വിനിയോഗിക്കേണ്ടതല്ലെന്നും കാര്യമായ ആലോചന ഇക്കാര്യത്തിൽ ആവശ്യമാണെന്നുമുള്ള സന്ദേശമാണ് ജമാഅത്ത് ഇതിലൂടെ മുന്നോട്ടുവെക്കുന്നത്.

സോളിഡാരിറ്റി രൂപീകരിക്കുന്നത് യുവാക്കളുടെ ക്രിയാശേഷി ഇസ്‌ലാമിനും രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമാകുന്ന വിധത്തിൽ വിനിയോഗിക്കുന്നതിന്റെ ഭാഗമായാണ്. ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ ചാലകശക്തി കർമകുശലതയും ചിന്താശേഷിയുമുള്ള യുവാക്കളാണ്. അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വം സൈനികമായും സാമ്പത്തികമായും സാംസ്കാരികമായും ലോക ജനതകളുടെ മേൽ അധിനിവേശം ശക്തിപ്പെടുത്തിയ സാഹചര്യത്തിൽ, കേരളത്തിലെ യുവജനപ്രസ്ഥാനങ്ങൾ അലസത മുഖമുദ്രയാക്കിയതും മുതലാളിത്ത ശീലങ്ങൾക്ക് വിധേയരായതും ഗൗരവമുള്ള വിഷയമായിരുന്നു. ഭൗതികതയുടെ ഭോഗാസക്തിക്കടിപ്പെട്ട യുവാക്കളെ അധർമത്തിന്റെയും സാമൂഹികതിന്മകളുടെയും ശക്തികൾ പങ്കിട്ടെടുക്കുകയും മദ്യത്തിലും മയക്കുമരു

ന്നിലും അശ്ലീലതയിലും യുവാക്കളെ തളച്ചിടാൻ മത്സരിക്കുകയും ചെയ്ത സന്ദർഭത്തിൽ, വിമോചന ദൗത്യം നിർവഹിക്കാൻ ബാധ്യതപ്പെട്ട ജമാഅത്ത് അതിന്റെ ധർമം നിറവേറ്റുകയാണ് ചെയ്തത്. മനുഷ്യനെയും പ്രകൃതിയെയും തീരെ പരിഗണിക്കാത്തതും മുതലാളിത്തത്തിന് അനുഗുണമായ വികസനസംസ്കാരം നമ്മുടെ ഭരണാധികാരികൾ നടപ്പിലാക്കിയതും ജനവിരുദ്ധ നയങ്ങൾ അവർ ആവർത്തിച്ചതും കേരളത്തിലെ സാധാരണ ജനങ്ങളിൽ ഏറെ എതിർപ്പ് ക്ഷണിച്ചു വരുത്തുകയുണ്ടായി. അന്നം, വെള്ളം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപ്പെട്ട ദലിതർ, ആദിവാസികൾ, മറ്റു പിന്നാക്കക്കാർ തുടങ്ങിയവരുടെ പ്രശ്നങ്ങളും കേരളത്തിൽ ഉന്നയിക്കപ്പെടേണ്ടതു തന്നെയായിരുന്നു. മനുഷ്യനെയും പ്രകൃതിയെയും പരിഗണിക്കുന്ന ഒരു വികസനസംസ്കാരം കേരളത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിനും അവശജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിക്കുന്നതിനും ഒരു കൂട്ടായ്മ അനിവാര്യമായിരുന്നു. ബഹുസ്വര ഇന്ത്യയിൽ ഫാഷിസം വളർന്നതും അതിനോടുള്ള പ്രതികരണമെന്ന നിലക്ക് ചെറുതെങ്കിലും അപകടകരമായ തീവ്രവാദ സമീപനം പ്രത്യക്ഷപ്പെട്ടതും എല്ലാ സമൂഹവും സഹവർത്തിത്വത്തിൽ ജീവിക്കണമെന്നാഗ്രഹിക്കുന്ന ജമാഅത്തിനെ അസ്വസ്ഥപ്പെടുത്തി. ഈ അവസരത്തിൽ ക്രിയാത്മകതയും വിവേകവും രാഷ്ട്രീയ ബോധവുമുള്ള ഒരു യുവതലമുറയുടെ സംഘാടനം മർമപ്രധാനമാണെന്ന് ജമാഅത്ത് മനസ്സിലാക്കിയതിന്റെ പ്രതിഫലനമാണ് സോളിഡാരിറ്റി. ഇത്തരം പ്രശ്നങ്ങൾ സോളിഡാരിറ്റി മാത്രം കൈകാര്യം ചെയ്യുകയെന്നതല്ല ജമാഅത്ത് മുന്നിൽ കണ്ടത്; യുവജനപ്രസ്ഥാനങ്ങളെ അവർ മറന്നുപോയ വഴി ഓർമപ്പെടുത്തുകയാണ് സോളിഡാരിറ്റി ചെയ്തത്. ഇന്ന് യുവജനപ്രസ്ഥാനങ്ങൾ ഏറെക്കുറെ സജീവമാകാൻ നിർബന്ധിതമാണ്. കേരളത്തിൽ യുവജനപ്രസ്ഥാനങ്ങൾ സജീവമാവുകയെന്നത് സന്തോഷകരമായ കാര്യമാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്താൻ സോളിഡാരിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

*അഞ്ചുവർഷം പിന്നിട്ട സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾ എങ്ങനെ വിലയിരുത്തുന്നു. ജമാഅത്തെ ഇസ്ലാമി മുന്നോട്ടു വെച്ച ലക്ഷ്യത്തിലൂടെയാണോ സോളിഡാരിറ്റി സഞ്ചരിക്കുന്നത്?*

അഞ്ചുവർഷമെന്നത് ഒരു സംഘടനയുടെ സഞ്ചാരത്തിൽ അത്ര വലിയ കാലയളവല്ല. ആയതിനാൽ സോളിഡാരിറ്റിയെ സമഗ്രമായി വിലയിരുത്താനുള്ള അവസരമല്ല ഇത്. എങ്കിലും സമരത്തിന്റെയും സേവനത്തിന്റെയും പാതയിൽ ഒരു പുതിയ സംസ്കാരം സൃഷ്ടിക്കാൻ സോളിഡാരിറ്റിക്ക് കഴിഞ്ഞുവെന്നത് കേരളത്തിലെ പൊതുസമൂഹത്തിന്റെ മിതമായ വിലയിരുത്തലാണ്. വികസനത്തെക്കുറിച്ച പുതിയ വീക്ഷണം ജനകീയമാക്കുന്നതിൽ സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. സോളിഡാരിറ്റിയുടെ ഒന്നാം സംസ്ഥാന സമ്മേളനം ആ അർഥത്തിൽ ഒരു വലിയ അനുഭവമായിരുന്നു. സമ്മേളനത്തിന് മുന്നോടിയായി നടന്ന പോരാളികളുടെ സംവാദം, പൂയംകുട്ടി ആദിവാസി സമ്മേളനം, തീരദേശസമ്മേളനം എന്നിവ വിവിധ ജനവിഭാഗങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിന് സഹായകമായി. മനുഷ്യവകാശങ്ങൾ നിഷേധിക്കപ്പെട്ടവർ, വികസനഭ്രാന്തിന് ഇരകളായി ജീവിതം നഷ്ടപ്പെട്ടവർ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ അത്താണിയായി, വിശ്വസ്ത സംഘമായി സോളിഡാരിറ്റി മാറിക്കഴിഞ്ഞിട്ടുണ്ട്, *അൽഹംദുലില്ലാഹ്*. യുവാക്കളുടെ കർമശേഷി സേവനത്തിന്റെ പാതയിലേക്ക് തിരിക്കാനും ദുർബലജനങ്ങളുമായി നേരിട്ട് ഇടപഴകാനും അവരുടെ പ്രശ്നങ്ങളെ നേരിട്ടറിയാനും സഹായകമായിട്ടുണ്ട്. ഇത് ഭാവിയിൽ പുതിയ മാറ്റത്തിന് സഹായകരമാകും. യുവാക്കളുടെ അധ്വാനശേഷിയും ഉദാരമതികളുടെ സഹായവും ചേർത്ത് ആവിഷ്കരിച്ച 100 വീടുകളുടെ നിർമാണപദ്ധതി കേരളത്തിലെ ജനങ്ങൾ ഏറെ താൽപര്യത്തോടെയാണ് സ്വീകരിച്ചത്. 450 വീടുകൾ പൂർത്തിയാക്കിയാണ് പദ്ധതി സമാപിച്ചത്. കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി ആവിഷ്കരിച്ച പദ്ധതിയും ഏറെ ശ്രദ്ധേയമാണ്. പ്ലാച്ചിമടയിൽ തുടങ്ങി കൊല്ലം മുക്കാൽ സെന്റ് കോളനിയിലെ ദരിദ്രർക്ക് പട്ടയം ലഭ്യമാക്കിയതിലെത്തിനിൽക്കുന്ന സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ പൊതുസമൂഹത്തിന്റെ പിന്തുണ നേടാനായിട്ടുണ്ട്. ഇത് പ്രസ്ഥാനത്തിനും ഇസ്ലാമിനും ഏറെ ഗുണം ചെയ്യുമെന്നാണ് കരുതുന്നത്. ജാതി- മത ഭേദമന്യെ യുവാക്കൾ സോളിഡാരിറ്റിയിൽ പ്രവർത്തിക്കാൻ മുന്നോട്ട് വരുന്നത് അതിനാലാണ്.

*ജമാഅത്തെ ഇസ്ലാമി പോലെ അംഗങ്ങളെയും പ്രവർത്തകരെയും സൂക്ഷ്മതയോടെ സ്വീകരിക്കുന്ന, കേഡർ സ്വഭാവം പുലർത്തുന്ന ഒരു സംഘടനയുടെ പോഷക വിഭാഗത്തിന് ജാതി-മത ഭേദമന്യെ യുവാക്കളെ അണിനിരത്താൻ കഴിയുമോ? അത് പ്രസ്ഥാനത്തിന്റെ ആഭ്യന്തരരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുമോ?*

സോളിഡാരിറ്റിയെ യുവാക്കളുടെ വിശാലമായ ഒരു പ്ലാറ്റ്ഫോമായാണ് ജമാഅത്ത് കാണുന്നത്. യുവാക്കളെ വ്യാപകമായി സംഘടിപ്പിക്കുകയും പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്യുകയെന്നതാണ് അതിന്റെ ശൈലി. സമാനമനസ്കരായ യുവാക്കളെ സംഘടനയോട് ചേർത്തു നിർത്തുന്ന കാര്യത്തിൽ സോളിഡാരിറ്റിക്ക് ഇനിയും മുന്നോട്ടുപോകാനുണ്ട്. അക്കാര്യത്തിൽ ശ്രദ്ധേയമായ കാൽവെപ്പാണ് എല്ലാ വിഭാഗം യുവാക്കളെയും സംഘടനയിൽ അണിനിരത്താനുള്ള തീരുമാനം. ജമാഅത്തെ ഇസ്ലാമിയുടെയും സോളിഡാരിറ്റിയുടെയും നേതൃത്വങ്ങൾ ഒന്നിച്ചിരുന്ന് ഏറെ നാളത്തെ വിശദമായ ചർച്ചകൾക്കു ശേഷമാണ് പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്. സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഗതിവേഗം ലഭിക്കാൻ ഈ തീരുമാനം സഹായകമാകു

**മുഴുവൻ പ്രവർത്തനങ്ങളിലും ദൈവികവും സനാതനവുമായ മൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന യുവജനസംഘടനയാണ് സോളിഡാരിറ്റി. പ്രവാചകന്മാരെയും അവർ സമൂഹത്തിന് സമ്മാനിച്ച വേദഗ്രന്ഥങ്ങളെയുമാണ് സോളിഡാരിറ്റി പ്രവർത്തനങ്ങളിൽ വഴികാട്ടിയാക്കുന്നത്. ജീവിതം മരണത്തോടുകൂടി അവസാനിക്കുന്ന ഒന്നല്ലെന്നും മരണത്തിനുശേഷവും തുടരുന്ന ജീവിതത്തിന്റെ കൃഷിസ്ഥലം മാത്രമാണ് ഇഹലോക ജീവിതമെന്നും സോളിഡാരിറ്റി മനസ്സിലാക്കുന്നു.**

മെന്നാണ് പ്രതീക്ഷ. അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കാൻ അവർ കൂടി അംഗങ്ങളായി പ്രവർത്തിക്കുന്ന ഒരു പുതിയ രീതി ആവിഷ്കരിക്കുകയാണ് സോളിഡാരിറ്റി. ഖുർആനിൽ നിന്നും നബിചര്യയിൽ നിന്നുമാണ് ഇസ്‌ലാമിക പ്രസ്ഥാനം ഈ രീതി നിർധാരണം ചെയ്തെടുത്തിട്ടുള്ളത്.

മുഴുവൻ പ്രവർത്തനങ്ങളിലും ദൈവികവും സനാതനവുമായ മൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന യുവജനസംഘടനയാണ് സോളിഡാരിറ്റി. പ്രവാചകന്മാരെയും അവർ സമൂഹത്തിന് സമ്മാനിച്ച വേദഗ്രന്ഥങ്ങളെയുമാണ് സോളിഡാരിറ്റി പ്രവർത്തനങ്ങളിൽ വഴികാട്ടിയാക്കുന്നത്. ജീവിതം മരണത്തോടുകൂടി അവസാനിക്കുന്ന ഒന്നല്ലെന്നും മരണത്തിനുശേഷവും തുടരുന്ന ജീവിതത്തിന്റെ കൃഷിസ്ഥലം മാത്രമാണ് ഇഹലോക ജീവിതമെന്നും സോളിഡാരിറ്റി മനസ്സിലാക്കുന്നു. ഈ വിശ്വാസമാണ് ഒരു പ്രസ്ഥാനമെന്ന നിലക്ക് സോളിഡാരിറ്റിയുടെ പ്രചോദനം. പ്രസ്ഥാനം കൂടുതൽ ചടുലമാവുന്നതും നമ്മുടേതുപോലുള്ള ഒരു കാലഘട്ടത്തിൽ പോലും ആത്മാർഥത പുലർത്താൻ കഴിയുന്നതും ഈ വിശ്വാസം പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നതു കൊണ്ടാണ്. എന്നാൽ സോളിഡാരിറ്റി എന്ന പ്രസ്ഥാനത്തിന്റെ ഈ മൗലികവിശ്വാസങ്ങൾ അംഗീകരിച്ചിട്ടില്ലാത്ത യുവാക്കൾക്കും സംഘടനയുടെ പോരാട്ടപ്രവർത്തനങ്ങളിലും സേവനസംരംഭങ്ങളിലും പങ്കാളികളാകാനുള്ള അവസരം ലഭിക്കുകയാണ് പുതിയ തീരുമാനത്തിലൂടെ. ഇതിനു സമാനമായ ഉദാഹരണങ്ങൾ പ്രവാചകചരിത്രത്തിലും ഖലീഫമാരുടെ കാലഘട്ടത്തിലും കണ്ടെത്താൻ കഴിയും.

ബഹുസ്വരസമൂഹത്തിൽ ഇസ്‌ലാമിക പ്രബോധനം എങ്ങനെ നിർവഹിക്കണമെന്നത് സംബന്ധിച്ച പഠനങ്ങൾ ഇന്ത്യ പോലെ ഇതര ജനവിഭാഗങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. അമേരിക്കയിലും യുറോപ്പിലും ജീവിക്കുന്ന ഇസ്‌ലാമിക പണ്ഡിതന്മാർ, എല്ലാവിഭാഗം ജനങ്ങളെയും ഉൾകൊള്ളാൻ കഴിയുംവിധം വിശാലമാകണം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ എന്ന് അഭിപ്രായപ്പെടുന്നവരാണ്. തുർക്കിയിലെ എ.കെ പാർട്ടിയും ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂനും അവരുടെ ഘടനയിലും പ്രവർത്തനരീതികളിലും ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഫലസ്ത്വീനിലും ലബനാനിലും ക്രൈസ്തവ സഹോദരങ്ങൾ ജൂതഅധിനിവേശത്തിനെതിരെ ഹമാസിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ദീനിൽ നിങ്ങളോട് ശത്രുത കാണിക്കാത്തവരോട് പുണ്യത്തിലും നീതിയിലും വർത്തിക്കണമെന്നത് വിശുദ്ധ ഖുർആന്റെ ആഹ്വാനമാണ്.

*ഇത്ര സുതാര്യമായ സമീപനം ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചിട്ടും കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളിൽ അടുത്ത കാലത്തായി രൂക്ഷമായ വിമർശനങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. മുമ്പ് മത സംഘടനകൾ ഉന്നയിച്ച വിമർശനങ്ങൾ മതേതരക്കാരും ശരി തെറ്റുകൾ പരിഗണിക്കാതെ ഏറ്റു പാടുന്നു. ഇതിനെ എങ്ങനെ നോക്കികാണുന്നു?*

ജമാഅത്തെ ഇസ്‌ലാമി ഒരു ആദർശപ്രസ്ഥാനമാണ്. ആദർശത്തിന്റെ മൗലികപ്രബോധനമാണ് പ്രസ്ഥാനത്തിന്റെ ദൗത്യം. ജമാഅത്തെ ഇസ്‌ലാമി ഉയർത്തിപ്പിടിക്കുന്ന ആദർശം മനുഷ്യാരംഭം മുതൽ മഹത്തുക്കളായ പ്രവാചകന്മാർ പരിചയപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പുതിയ കാലത്തിന്റെയും ലോകത്തിന്റെയും സാഹചര്യങ്ങളും വികാസവും പരിഗണിച്ചും മനുഷ്യസമൂഹത്തിന്റെ ധിഷണാപരമായ ഉയർച്ച മുഖവിലക്കെടുത്തും ഗവേഷണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും ഇസ്‌ലാമിനെ അവതരിപ്പിക്കുന്ന രീതിയാണ് ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ആദർശ പ്രബോധനത്തിലും പ്രസ്ഥാനപ്രവർത്തനങ്ങളിലും യാഥാസ്ഥിതികമായ ശൈലി അനുകരിക്കുകയല്ല ജമാഅത്ത് ചെയ്തു പോന്നിട്ടുള്ളത്. പുതിയ നയപരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് ഒരു ബഹുസ്വരസമൂഹത്തിന് ഏറ്റവും യോജിച്ച പദ്ധതികളും പരിപാടികളുമാണ് പ്രമാണങ്ങളുടെ വെളിച്ചത്തിൽ മുന്നോട്ട് വെക്കുന്നത്. മൗലികമായ ഒരു ആദർശം മുറുകെ പിടിക്കുന്നതോടൊപ്പം കേരളത്തിലെ ബഹുസ്വരസമൂഹത്തോട് ക്രിയാത്മകമായി പ്രതികരിക്കാനും പൊതുസമൂഹത്തിൽ ഇടം നേടിയെടുക്കാനും ജമാഅത്തിന് സാധിച്ചിട്ടുണ്ട്. ജമാഅത്തിനോടൊപ്പം പോരാട്ടങ്ങളിൽ പങ്കെടുക്കുകയും സേവനപ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തവർക്ക് പല തെറ്റിദ്ധാരണകളും നീങ്ങിയിട്ടുണ്ട്. സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾ ഇതിന് സഹായകവുമായിട്ടുണ്ട്.

ജമാഅത്തെ ഇസ്‌ലാമിയെ നിരന്തരം വേട്ടയാടുകയും പൊതുധാരയിൽ നിന്ന് അകറ്റിനിർത്താൻ ശ്രമിക്കുകയും ചെയ്യുന്നവർ ജമാഅത്തിന് ലഭിച്ച സ്വീകാര്യതയിൽ അസ്വസ്ഥരാണ്. അങ്ങനെയുള്ളവരാണ് മുഖ്യധാരാമാധ്യമങ്ങളിൽ ഊഴമിട്ട് പ്രത്യക്ഷപ്പെടുന്നതും ജമാഅത്തിനുമേൽ ശകാരവർഷം ചൊരിയുന്നതും. കുറഞ്ഞ കാലത്തേക്ക് ജമാഅത്തിനെ സംശയത്തിന്റെ മുൾമുനയിൽ നിർത്താനും നിഷ്പക്ഷമതികളെ തെറ്റിദ്ധരിപ്പിക്കാനും കഴിയുമെങ്കിലും, ദീർഘകാലത്തിൽ ഇത് ജമാഅത്തിന്റെ പിന്തുണ വർധിപ്പിക്കുകയും പ്രചാരം എളുപ്പമാക്കുകയുമാണ് ചെയ്യുക. പൂവിന്റെ കാഴ്ച മതിൽകെട്ടിന് തടയാമെങ്കിലും സുഗന്ധത്തെ തടയാൻ ഒരു മതിൽകെട്ടിനും സാധ്യമല്ല. സുഗന്ധം പരന്നാൽ ആരും മതിൽ തകർത്ത് പൂവ് തേടി വരും. ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും അത്തരം സുഗന്ധങ്ങൾ പ്രസരിപ്പിക്കാനാണ് ശ്രമിക്കുന്നത്.

പുതിയ രീതികളും ശൈലികളുമായി ജമാഅത്തടക്കമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പുതിയ ഉണർവ് നേടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നാം ഇന്നുള്ളത്. പരിഷ്കരണവും നവീകരണവും ഇസ്‌ലാമിന്റെ സവിശേഷതകളാണ്. ഏതു പ്രസ്ഥാനത്തെയും പുതിയകാലവുമായി ചേർത്തുനിർത്തുന്നത് ഈ ഗുണങ്ങളാണ്. ഇവയുടെ അഭാവം പ്രസ്ഥാനങ്ങളെ ചലനമറ്റതാക്കും. ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ പോളിസിയും പ്രോഗ്രാമും ഇക്കാര്യത്തിൽ വലിയ തുടക്കമാണ് കുറിച്ചിട്ടുള്ളത്. പ്രവർത്തനങ്ങൾ വിജയിക്കുന്നതിന് അല്ലാഹുവിന്റെ സഹായത്തോടൊപ്പം പ്രവർത്തകരുടെ ഒരൊറ്റ മനസ്സായുള്ള കൂട്ടായ്മയും കഠിനാധ്വാനവും ആവശ്യമാണ്. ■